

## സെന്റ് ജോൺസ് ഹൈസ്കൂൾ

**കാഞ്ഞിരത്താനം**

# ധ്വനി



# സെന്റ് ജോൺസ് ഹൈസ്കൂൾ

## കാഞ്ഞിരത്താനം

# ധ്വനി

## ലിറ്റിൽ കൈറ്റ്സ് – ഐ. റ്റി. ക്ലബ്

### ഡിജിറ്റൽ മാസിക

22 ഫെബ്രുവരി 2024

# ഉള്ളടക്കം


- ചരിത്ര വഴികളിലൂടെ
- AI
- ആ ബാലൻ
- യാത്രയാകുന്നിതാ
- നിങ്ങൾക്കറിയാമോ?
- കൃഷിക്കാരനും മക്കളും
- ഈണത്തിൽ കാറ്റാടിടുന്നു
- രണ്ടു കൂട്ടുകാരുടെ കഥ
- വൃക്ഷത്തണലിൽ
- താളം തെറ്റുന്ന യുവത്വം

## കാഞ്ഞിരത്താനം

# സെന്റ് ജോൺസ് ഹൈസ്കൂൾ



# ചരിത്രവഴികളിലൂടെ...

വിദ്യാഭ്യാസത്തിന്റെ മഹത്വം തിരിച്ചറിഞ്ഞ നമ്മുടെ പൂർവ്വികന്മാർ വിവേകവും വിജ്ഞാനവുമുള്ള ഭാവിതല മുറകളെ മുന്നിൽ കണ്ടുകൊണ്ട് 1866-ൽ പള്ളിയങ്കണത്തിൽ ഒരു എൽ. പി. സ്കൂൾ പടുത്തുയർത്തി. 1908-ൽ കുറ്റാരപ്പള്ളിയിൽ മാണിയച്ചൻ മാനേജരായിരുന്ന കാലത്ത് നിലവിലുണ്ടായിരുന്ന ഓലക്കെട്ടിടത്തിനു പകരം പുതിയ കെട്ടിടം പണിതു. 1954-ൽ വരകിപ്പറമ്പിൽ മത്തായിയച്ചൻ മാനേജരായിരുന്ന കാലത്താണ് യു. പി. സ്കൂൾ ആരംഭിച്ചത്. 1955-ൽ ഇന്നു കാണുന്ന സ്ഥലത്തേയ്ക്ക് യു. പി. സ്കൂൾ മാറ്റി സ്ഥാപിച്ചു. 1955 മുതൽ 1964 വരെ ഈ സ്കൂളിന്റെ ഹെഡ്മാസ്റ്ററായിരുന്ന തോമസ് മാമ്പുഴയ്ക്കലിന്റെയും മാനേജരായിരുന്ന യാക്കോബ് ഞാവള്ളിയച്ചന്റെയും നിതാന്ത പരിശ്രമം കൊണ്ട് 1962 ജൂൺ 4 ന് നമ്മുടെ സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 1965 -ൽ ഇന്നു കാണുന്ന മനോഹരമായ സ്കൂൾ കെട്ടിടം നിർമ്മിക്കുകയും ചെയ്തു.

1979-ൽ യു. പി. സ്കൂളിന്റെ രജത ജൂബിലി ആഘോഷിച്ചു. 2007 ജൂണിൽ റവ. ഫാ. ജോസഫ് തടത്തിൽ മാനേജരായിരുന്ന കാലത്ത് എൽ. പി. സ്കൂൾ ഹൈസ്കൂളിന്റെ ഭാഗമായി. മാഞ്ഞൂർ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂളായ കാഞ്ഞിരത്താനം സെന്റ് ജോൺസ് ഹൈസ്കൂൾ ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് നൽകിയിട്ടുള്ള സംഭാവനകൾ നിസ്തുലമാണ്.


# AI

# "ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പരിവർത്തനാത്മക സ്വാധീനം പര്യവേക്ഷണം ചെയ്യുക"



ജോർജ് പി സുനിൽ

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ വ്യവസായങ്ങളെയും സമ്പദ്‌വ്യവസ്ഥയെയും സമൂഹങ്ങളെയും അത്ഭുതപൂർവമായ വേഗത്തിൽ പുനർനിർമ്മിക്കുന്നത് തുടരുന്നു. പതിവ് ജോലികൾ ഒട്ടോമാറ്റിക്ക് ചെയ്യുന്നത് മുതൽ തകർപ്പൻ കണ്ടെത്തലുകൾ പ്രാപ്തമാക്കുന്നത് വരെ, AI-യുടെ ബഹുമുഖമായ ലാൻസ്കേപ്പിലേക്ക് അതിന്റെ പരിണാമം, നിലവിലെ ആപ്ലിക്കേഷനുകൾ, ഭാവി സാധ്യതകൾ എന്നിവ പരിശോധിക്കുന്നു.




## 1. AI-യുടെ പരിണാമം

1950-കളിലെ അതിന്റെ ആരംഭം മുതൽ, ആദ്യകാല പ്രതീകാത്മക ന്യായവാദ സംവിധാനങ്ങളാൽ അടയാളപ്പെടുത്തപ്പെട്ട, മെഷീൻ ലേണിംഗും ന്യൂറൽ നെറ്റവർക്കുകളും ആധിപധ്യം പുലർത്തുന്ന ഇന്നത്തെ കാലത്തേക്ക് പരിണമിച്ചു. ബിഗ് ഡേറ്റയുടെയും കമ്പ്യൂട്ടേഷണൽ പവറിന്റെയും ആവിർഭാവം ശ്രദ്ധേയമായ മുന്നേറ്റങ്ങൾക്ക് ആക്കം കൂട്ടി, അത്ഭുതപൂർവ്വമായ കൃത്യതയോടെ സങ്കീർണമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും AI-യെ പ്രാപ്തമാക്കുന്നു.

## 2. മനുഷ്യ AI സഹകരണം

AI-യുടെ ഭാവിമനുഷ്യരും യന്ത്രങ്ങളും തമ്മിലുള്ള തടസമില്ലാത്ത സഹകരണത്തിലാണ്, അഗ്മെന്റസ് ഇൻ്റലിജൻസ്, AI മനുഷ്യ കഴിവുകളെ മാറ്റിസ്ഥാപിക്കുന്നതിനു പകരം മെച്ചപ്പെടുത്തുന്നു. ഉൽപാക്ഷമതയുടെയും സർഗ്ഗാത്മകതയുടെയും പുതിയ തലങ്ങൾ തുറക്കുമെന്ന വാഗ്ദാനവും ഉണ്ട്.





സേബ എം ഷിബു

# ആ ബാലൻ...



തിരമാലകൾ ആഞ്ഞടിക്കുന്നുണ്ടായിരുന്നു. അവ എന്തോ ആപത്ത് സംഭവിക്കാൻ പോകുന്നു എന്നവണ്ണം എന്നിൽ വന്നാഞ്ഞടിച്ചു.

അവർ ജീപ്പിൽ നിന്നും ഇറങ്ങുന്നതേ ഉള്ളൂ. ഞാൻ ഒരു ചായ കുടിക്കാൻ പോയി. പെട്ടെന്ന് ഒരു കുട്ടി വന്ന് എന്റെ ചായ തട്ടിപ്പറിച്ചു. 3 വയസ്സാണെന്നു തോന്നുന്നു. കുടിയേറ്റക്കാരാണ്. ഇവരെ വഞ്ചിയിൽ കയറ്റി വിടേണ്ടത് എന്റെ ചുമതലയാണ്. അവൻ കൊഞ്ചിക്കൊണ്ട് എന്നോട് പറഞ്ഞു:

"നല്ല ചായയാല്ലേ..."
ഞാൻ പറഞ്ഞു:
"അതിന് ഞാൻ കുടിച്ചില്ലല്ലോ..."
പെട്ടെന്ന് അവൻ എങ്ങോട്ടോ ഓടി. കുറച്ച് കഴിഞ്ഞപ്പോൾ എന്റെ കൈയ്യിലെടുത്തുകൊണ്ട് ഓടി വന്നു.
"ട്ടേട്ടൻ തിന്നോ."
"ചായ കുടിച്ചതിന്റെ പകരമായിരിക്കും അല്ലേ..."
"അല്ല... അല്ല..."

ഞാൻ അവനെ മടിയിൽ വച്ചു. അവൻ കൊണ്ടുവന്ന പപ്പ്സ് അവനു തന്നെ കൊടുത്തു. ഞങ്ങൾ പെട്ടെന്ന് കൂട്ടായി.

അവനെ വിടാൻ മനസ്സില്ലായിരുന്നു. കൂടെ നിറുത്തിയാലോ? ... ഏങ്കിലും ഇത്രയും പേരെ എങ്ങനെ.. സാരമില്ല... പൊയ്ക്കോട്ടേ...

ആകെ രണ്ടു വഞ്ചികൾ മാത്രം,
എങ്ങനെ ഇത്രയുംപേർ ആക്കരെയെത്തും. എല്ലാവരും വഞ്ചിയിൽ തിങ്ങിഞെരുങ്ങിയിരിക്കുന്നു. ഇനി അവൻകൂടി കയറിയാൽ മതി.
അവൻ എന്റെ അടുത്തേക്ക് ഓടി വന്നു .

"റ്റാ റ്റാ അങ്കിൾ..."

പിറ്റേന്ന് രാവിലെ ഒരു ഫ്ലാഷ് ന്യൂസ്.

കുടിയേറ്റക്കാരനായ 3 വയസ്സുകാരൻ വഞ്ചിയിൽ നിന്നു വീണു മരിച്ചു.

പോലീസുകാരനായ ഞാൻ കേട്ടപാതി അങ്ങോട്ടോടി.
അവനെ വാരിയെടുത്തു. അവനെ ആദ്യമായി കണ്ടതു മുതലുള്ള കാര്യങ്ങൾ ഒന്ന് മിന്നിമറിഞ്ഞു. എന്റെ കണ്ണിലെ കണ്ണീർ ധാരയായി ഒഴുകി. അവനെ ഞാൻ അവന്റെ അച്ഛന്റെ കൈയ്യിൽ ഏൽപ്പിച്ചു.

പിറ്റേന്ന് രാവിലെ ഒരു ഫ്ലാഷ് ന്യൂസ്. കുടിയേറ്റക്കാരനായ 3 വയസ്സുകാരൻ വഞ്ചിയിൽ നിന്നു വീണു മരിച്ചു.



കവിത



അർച്ചന എസ്.ജി

# യാത്രയാകുന്നിതാ...

യാത്രയാകുന്നിതാ ഞാൻ
യാത്രയാകുന്നിതാ അമ്മയെ പിരിഞ്ഞിതാ

പണ്ടൊരു കൊടുങ്കാടിൻ നടുവിൽ
വറ്റിവരണ്ടു ഞാൻ കിടന്നപ്പോൾ

സൂര്യകിരണമാം നീ എന്നെ
ആവാഹിച്ചെൻ അമ്മക്കെടുത്തുകൊടുത്തതില്ലേ

വറ്റിവരണ്ട എനിക്കു കൂട്ടായി
അനേകം മഴത്തുള്ളികളെ തന്നതില്ലേ

# നിങ്ങൾക്കറിയാമോ ?



അജോ ജെയ്മോൻ

## ബൂട്ടബിൾ പെൻഡ്രൈവ് തയ്യാറാക്കാം

ഫയർഫോക്സ് ഓപ്പൺ ചെയ്യുക. ഉബുണ്ടു 18.04 അല്ലങ്കിൽ ആവശ്യമുള്ള സോഫ്റ്റ്‌വെയറിന്റെ ഐ.എസ്.ഒ ഫയൽ തിരഞ്ഞടുക്കുക. സോഫ്റ്റ്‌വെയർ ഐ.എസ്.ഒ ഫയൽ ഇൻസ്റ്റാൾ ചെയ്യുക. ഇൻസ്റ്റാൾ ആയെന്ന് ഉറപ്പുവരുത്തുക.
സ്റ്റാർട്ടപ്പ് ഡിസ്ക്രിയേറ്റർ ഓപ്പൺ ചെയ്യുക. ഡിസ്ക്രീറ്റർ ഉപയോഗിച്ച് ബൂട്ടബിൾ പെൻഡ്രൈവ് സൃഷ്ടിക്കാൻ കഴിയും. സ്റ്റാർട്ടപ്പ് ഡിസ്ക്രിയേറ്ററിൽ ബൂട്ട് ചെയ്യേണ്ട പെൻഡ്രൈവ് തിരഞ്ഞടുക്കുക. വേണ്ട ഐ.എസ്.ഒ ഫയലും തിരഞ്ഞടുക്കുക. ok കൊടുത്ത് സ്റ്റാർട്ട് ചെയ്യുക. ഇൻസ്റ്റാൾ ആയെന്ന് ഉറപ്പുവരുത്തുക. പെൻഡ്രൈവ് ബൂട്ടബിൾ ആയിട്ടുണ്ട്.

## സോഫ്റ്റ്‌വെയർ ഇൻസ്റ്റലേഷൻ

ബൂട്ടബിൾ പെൻഡ്രൈവ് ഇൻസേർട്ട് ചെയ്യുക. സിസ്റ്റം ഓൺ ആയി വരുമ്പോൾ F12 കീ ക്ലിക്ക് ചെയ്യുക. ബൂട്ടബിൾ പെൻഡ്രൈവ് ഓപ്ഷൻ തിരഞ്ഞെടുക്കുക. ഓപ്പൺ ആയി വരുന്ന സ്ക്രീനിൽ യൂസർ നെയിം നൽകി പാസ്‌വേഡ് കൊടുക്കുക. കുറച്ച് നേരം കാത്തിരിക്കുക.
കുറച്ചു കഴിയുമ്പോൾ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ആവും. അത് കഴിഞ്ഞ്പെൻഡ്രൈവ് നീക്കം ചെയ്യുക. റീസ്റ്റാർട്ട് ചെയുക. ഇനി യൂസർ നെയിമും പാസ്‌വേഡുംകൊടുത്ത് ഉപയോഗിക്കാം.

# കൃഷിക്കാരനും മക്കളും





**എയ്റോൺ മാത്യു**

ഒരിക്കൽ ഒരിടത്ത് ധനികനായ ഒരു കൃഷിക്കാരൻ ജീവിച്ചിരുന്നു. അയാൾക്ക് മൂന്ന് മക്കളുണ്ടായിരുന്നു. തനിക്കിനി അധികകാലം ഇല്ലെന്നുമനസ്സിലാക്കിയ കൃഷിക്കാരൻ തന്റെ മക്കളെ അടുത്തേക്കു വിളിച്ചു. മക്കളെ എനിക്ക് നിങ്ങളോട് ഒരു കാര്യം പറയുവാനുണ്ട്. നമ്മുടെ പൂർവ്വികർ മുതൽ കൈമാറി വരുന്ന ഭൂമിയാണിതെല്ലാം. അതൊന്നും നിങ്ങൾ വിൽക്കരുത്. അതിൽ ഏതോ ഒരു സ്ഥലത്ത് നിധിയുണ്ട്.
പക്ഷെ ശരിക്കുള്ള സ്ഥലം ഏതാണെന്ന് എനിക്കറിയില്ല. തീർച്ചയായും എവിടെയോ അതുണ്ട്. നിങ്ങൾ നിധി അന്വേഷിക്കുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കണം. ഒരു സ്ഥലവും നശിപ്പിക്കരുത്. ഇത്രയും പറഞ്ഞ് കർഷകൻ മരിച്ചു.

അധികം താമസിയാതെ മക്കൾ നിധിക്കായി പുറപ്പെട്ടു. എല്ലാവരും  കൂടി വയലെല്ലാം കിളച്ചു നോക്കാൻ തീരുമാനിച്ചു. ഒരു സ്ഥലംപോലും ഇല്ലാതെ അവർ എല്ലായിടത്തും കിളച്ചു മറിച്ചു. അങ്ങനെ രണ്ടു മൂന്നു തവണ വയലിലെല്ലാം കിളച്ചു മറിച്ചു. ഇത്രയേറെ അധ്വാനിച്ചിട്ടും അവർക്ക്  ഒരു നിധിപോലും കണ്ടെടുക്കാനായില്ല. പിന്നീടവർ തങ്ങൾ കഠിനാധ്വാനം ചെയ്ത കൃഷിസ്ഥലത്തു ധാന്യങ്ങൾ വിതച്ചു.  വിളവെടുപ്പു കഴിഞ്ഞപ്പോൾ അവർക്ക് എല്ലാ കണക്കുകളും തീർത്തു കഴിഞ്ഞിട്ടും ലാഭമായി ധാരാളം പണം ലഭിച്ചു. അവർക്ക് അപ്പോഴാണ് മനസ്സിലായത്. തങ്ങളുടെ പിതാവ് പറഞ്ഞ നിധി എന്താണെന്ന്. അധ്വാനത്തിന്റെ ഫലമായി ലഭിച്ച അതിശക്തമായ വിളവ് അവരുടെ കൃഷിസ്ഥലത്തു നിന്നു തന്നെ അവർക്ക് നിധി കണ്ടെടുക്കുവാൻ കഴിഞ്ഞു.



# ഈറണത്തിൽ കാറ്റാടിടുന്നു



ആൻ മരിയ ജോഷി

ഒരു കുഞ്ഞിക്കിളി
ഓലത്തുമ്പത്തിരുന്നൂയലാടുന്നു
കാറ്റിൻ കൈകൾ തഴുകി
കിളിയെ കുളിർമകൊള്ളിച്ചിടുന്നു

ഓലകൾ കാറ്റത്ത് ആടിയുലഞ്ഞിടുമ്പോൾ
കിളി പാട്ടുപാടുന്നു
പെട്ടെന്നു മഴത്തുള്ളി പറിഞ്ഞുവീണു
കുഞ്ഞി കിളിയെ നനഞ്ഞൊട്ടിടുന്നു

പറക്കാനാവാതെ കെട്ടിയിട്ടുപോൽ
കുഞ്ഞിക്കിളി നിലം പതിച്ചിടുന്നു
അപ്പോൾ കാറ്റാം മനുഷ്യനാ
കൈകളാൽ കുരുവിയെ കോരിയെടുത്തു.

# രണ്ട് കൂട്ടുകാരുടെ കഥ



ശിവാനന്ദ് എസ്

ഒരിക്കൽ രണ്ടു കൂട്ടുകാർ ഒരു മരുഭൂമിയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ യാത്രയുടെ ഇടയിൽ ഒരു തർക്കത്തെ തുടർന്ന് ഒരു കൂട്ടുകാരനെ മറ്റൊരു കുട്ടുകാരൻ തല്ലി. അടികൊണ്ട കുട്ടുകാരന് വേദനിച്ചു. പക്ഷേ അവൻ ഒന്നും പറഞ്ഞില്ല. മറിച്ച് ആ മണലിൽ എഴുതി... ഇന്ന് എന്റെ കുട്ടുകാരൻ മുഖത്തടിച്ചു. അങ്ങനെ അവർ യാത്ര തുടർന്നു. അവർ ഒരു അരുവി കണ്ടു. അവർ വെള്ളം കുടിക്കാൻ ഇറങ്ങി. അപ്പോൾ അടികൊണ്ട കുട്ടുകാരൻ ഒരു ചെളിക്കുണ്ടിൽ അകപ്പെട്ടു. അവനെ പ്രിയ കുട്ടൂകാരൻ രക്ഷിച്ചു. ആ ഷോക്കിൽ നിന്ന് തിരിച്ച് വന്നതിനുശേഷം അവിടെയുള്ള ഒരു കല്ലിൽ എഴുതി, ഇന്ന് എന്റെ ജീവൻ പ്രിയ കുട്ടുകാരൻ രക്ഷിച്ചു.

അവനെ അടിച്ചതും രക്ഷിച്ചതുമായ കൂട്ടുകാരൻ അവനോട് ചോദിച്ചു. ഞാൻ നിന്നെ അടിച്ചപ്പോൾ അത് മണലിൽ എഴുതി. എന്നാൽ നിന്നെ രക്ഷിച്ചകാര്യം കല്ലിൽ എഴുതി. എന്താണ് അങ്ങനെ വെവ്വേറെ എഴുതിയത്? അപ്പോൾ കൂട്ടുകാരൻ പറഞ്ഞു, ആരെങ്കിലും വേദനിപ്പിച്ചാൽ അത് മണലിൽ എഴുതണം, അവിടെയാകുമ്പോൾ കാറ്റിന് അത് മായ്ച്ചുകളയാൻ സാധിക്കും

ആരെങ്കിലും സഹായിക്കുകയോ, നന്മ ചെയ്യുകയോ ചെയ്താൽ അത് കല്ലിൽ കൊത്തി വെയ്ക്കണം, ഒരിക്കലും മായ്ച്ചു കളയാൻ സാധിക്കാത്തവണ്ണം.

*നമ്മുടെ ജീവിതത്തിൽ നമ്മെ സ്നേഹിക്കുന്നവർക്കും, നമ്മൾ സ്നേഹിക്കുന്നവർക്കും ആകണം നമ്മൾ മുൻഗണന നൽകേണ്ടത്. അങ്ങനെ ഏതൊരു നല്ല ബന്ധവും നല്ല രീതിയിൽ കൊണ്ടു പോകാൻ സാധിക്കും, സാധിക്കണം.*

# വൃക്ഷത്തണലിൽ

അമ്മയാം
ഭൂമിയെനിയ്ക്കായി നൽകി
നന്മമരത്തെ

തണൽ നൽകി മരമെന്നെ
പുൽകിടുമ്പോൾ

അക്ഷരച്ചെപ്പു തുറന്നത് ഞാൻ ആ
മരത്തണലിലാണല്ലോ

എന്നും ആ മരത്തിന്റെ
ഓർമ്മകൾ എന്റെ ഉള്ളിൽ ഉണ്ട്

ആ വൃക്ഷം ഈ ഭൂവിൽ
മറ്റുപകരണങ്ങളാകും വരെ.



റെനിയ റെജി




# താളം തെറ്റുന്ന യുവത്വം

ഇന്ന് ലഹരി പൂക്കുന്ന കാലമാണ്. സ്കൂളുകളിലും കോളേജ് കാമ്പസുകളിലും ലഹരി പൂക്കുന്നു. ഇക്കാലത്ത് മയക്കുമരുന്നുകളുടെ ഉപയോഗം ആഗോള പ്രശ്നമായി വളർന്നിരിക്കുന്നു. രോഗങ്ങളെയും മരണത്തെപ്പോലും ക്ഷണിച്ചു വരുത്തുന്നു.

ലഹരിവസതുകളുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് ധാരണ ഉണ്ടായിരിക്കണം. ലഹരി വരുത്തി വയ്ക്കുന്ന വിനാശങ്ങൾ ഏറെയാണ്. പല കുറ്റവാസനകൾക്കു പിന്നിലും മയക്കുമരുന്നകളാണെന്ന് വർത്തമാന കാലം തെളിയിച്ചു കൊണ്ടിരിക്കുന്നു.

മനുഷ്യർ പല സ്വഭാവക്കാരാണ് . ജീവിത രീതിയിലും സ്വഭാവത്തിലും വ്യത്യസ്തരാണ്. ചിലത് ആരോഗ്യം പോഷിപ്പിക്കുമ്പോൾ ചിലത് ആരോഗ്യത്തിന് ഭീഷണിയാകുന്നു.

മദ്യം, പുകവലി മയക്കുമരുന്നിന്റെ ഉപയോഗം യുവതലമുറയെ നശിപ്പിക്കുന്നു. ഇത് ഭാവിയിലേക്ക് ഭീഷണിയാണ്. വളരെ അപകടകരമായ ദുശ്ശീലമാണത്. മയക്കുമരുന്നുകളുടെ ഉപയോഗം അമിതമാകുമ്പോൾ ഈ ശീലത്തിന് അടിമപ്പെട്ട് പോകുന്നു.

യുവത്വം തകർച്ചയിലേക്കാണ് നീങ്ങികൊണ്ടിരിക്കുന്നത്. കുട്ടികൾപോലും ഇതിന്റെ അടിമകളാണ്. മാനസിക വിഭ്രാന്തിയിൽ അകപ്പെട്ട് മാനസിക രോഗികളാകുന്നു. മയക്കുമരുന്ന് ഉപയോഗിക്കുന്നത് നിങ്ങളുടെ ശ്രദ്ധയിൽ പെട്ടാൽ അത് മുതിർന്നവരെ അറിയിക്കണം. അവരെ അതിൽ നിന്നും പിന്തിരിപ്പിക്കണം.



ഡാൻ ബിജു ജോസഫ്